**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2874** **13-02-2024 - ൽ മറുപടിയ്ക്ക്**

**യുവസഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കേരള സഹകരണ സംഘം നിയമം, 1969-ലെ യഥാക്രമം 3 മുതൽ 8 വരെയുള്ള വകുപ്പുകൾക്കും, ചട്ടം 3,4,7,8,15 എന്നിവയ്ക്കും അനുസൃതമായിട്ടാണ് യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നത്. |
| (ബി) | യുവസഹകരണ സംഘങ്ങൾക്കുള്ള സാധ്യതകൾ എന്തെല്ലാമാണെന്നും; ആയതിന് സർക്കാർ നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | ഐ.ടി മേഖല, സിനിമ ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖല, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീട്ടുകളിൽ എത്തിക്കൽ, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഡിജിറ്റൽ വർക്കുകൾ, സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ, സോളാർ എനർജി, ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, മാൻ പവർ സപ്ലൈ, പുസ്തക മേളകൾ സംഘടിപ്പിക്കൽ, പഠന യാത്രകൾ സംഘടിപ്പിക്കൽ, ട്യൂട്ടോറിയൽ സർവ്വീസസ്, കൃഷി, വ്യവസായം, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രികൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റീസൈക്ലിംഗ്, തയ്യൽ, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, ലേബർ കോൺട്രാക്ട് വർക്കുകൾ മറ്റ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയവയാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലകൾ.<br><br>യുവസഹകരണ സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനത്തിനുള്ള മൂലധനം ഗവൺമെന്റ് ഓഹരിയായും സബ്സിഡിയായും അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ അനുവദിക്കുകയും ആയത് സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്; അവയുടെ പ്രവർത്തന മേഖലകളുടെയും പ്രവർത്തന രീതികളുടെയും വിശദാംശം ലഭ്യമാക്കുമോ; | (സി) | കണ്ണൂർ ജില്ലയിൽ നിലവിൽ 4 യുവജന സഹകരണ സംഘങ്ങളും ഒരു പട്ടികജാതി/പട്ടിക വർഗ്ഗ യുവജന സഹകരണ സംഘവും ഒരു വനിതാ യുവജന സഹകരണ സംഘവും ഉൾപ്പെടെ ആകെ 6 യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച വരുന്നുണ്ട്. പ്രസ്തുത സംഘങ്ങളുടെ പ്രവർത്തന മേഖല വിവിധ പഞ്ചായത്തുകളാണ്. ഇവന്റ് മാനേജ്മെന്റ്, കരിയർ ഗൈഡൻസ് എന്നീ മേഖലകളിലാണ് പ്രസ്തുത സംഘങ്ങൾ പ്രവർത്തിച്ചു വരുന്നത്. |
| (ഡി) | ടൂറിസം മേഖലയിൽ യുവസഹകരണ സംഘങ്ങൾക്കുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ടൂറിസം മേഖലയിൽ ഇവന്റ് മാനേജ്മെന്റ്, ഹോംസ്റ്റേ, സാഹസിക ടൂറിസം, കാറ്ററിംഗ്, കരകൗശല വസ്തുക്കളുടെ വിപണനം, ടൂറിസം പാക്കേജുകൾ, സുഗന്ധവ്യഞ്ജനങ്ങളുടെ വിപണനം, പ്രാദേശിക തലത്തിലുള്ള ടൂറിസം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക തുടങ്ങിയ നിരവധി സാധ്യതകൾ യുവസഹകരണ സംഘങ്ങൾക്കുണ്ട്. ആയതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ടൂറിസം മേഖലയിൽ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ